ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മഞ്ചേരി, ഇടുക്കി, കോന്നി, കാസർഗോഡ്, വയനാട്, തിരുവനന്തപുരം, ആലപ്പുഴ (ഹരിപ്പാട്) എന്നിവിടങ്ങളിൽ പുതിയ മെഡിക്കൽ കോളേജുകൾ തുടങ്ങാൻ തീരുമാനിച്ചു.

(ബി) പുതിയ മെഡിക്കൽ കോളേജുകളുടെ രൂപീകരണത്തിനായി നാളിതുവരെ 1,64,97,00,000 രൂപ (നൂറ്റി അറുപത്തിനാല് കോടി തൊണ്ണൂറ്റേഴ് ലക്ഷം രൂപ മാത്രം) നീക്കിവച്ചിട്ടുണ്ട്.

(സി) ഇതിനോടകം മഞ്ചേരിയിലും ഇടുക്കിയിലും മെഡിക്കൽ കോളേജുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കോന്നിയിലും, തിരുവനന്തപുരത്തുമുള്ള മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരുന്നു. കാസർഗോഡും ആലപ്പുഴയിലും (ഹരിപ്പാട്) പുതിയ മെഡിക്കൽ കോളേജുകൾക്കുള്ള സ്ഥലമേറ്റെടുക്കൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു. വയനാട് മെഡിക്കൽ കോളേജ് തുടങ്ങുന്നതിനായി 50 ഏക്കർ സ്ഥലം ചന്ദ്രപ്രഭ ട്രസ്റ്റിൽനിന്നും സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

(ഡി) 110,25,55,819 രൂപ (നൂറ്റിപ്പത്ത് കോടി ഇരുപത്തഞ്ചുലക്ഷത്തി അമ്പത്തയ്യായിരത്തി എണ്ണൂറ്റി പത്തൊമ്പത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

ആലപ്പുഴ മെഡിക്കൽ കോളേജിലെ വികസന പ്രവർത്തനങ്ങൾ

128 (817) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കിയത് ; ഓരോ പ്രവൃത്തിയുടെ പേരും ചെലവഴിച്ച തുകയും വിശദമാക്കാമോ ;

(ബി) പൂർത്തീകരിച്ച പ്രവൃത്തികൾ, തുടർന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ, ഭരണാനുമതി ലഭിച്ചെങ്കിലും ഇതുവരെ ആരംഭിക്കാത്ത പ്രവൃത്തികൾ എന്നിവ തരം തിരിച്ച് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) I പൂർത്തിയാക്കിയ പദ്ധതികൾ :

ക്രമ നമ്പർ	പദ്ധതിയുടെ പേര്	ചെലവായ തുക (ലക്ഷത്തിൽ)
1	ആലപ്പുഴ വണ്ടാനം റ്റി.ഡി. മെഡിക്കൽ കോളേജിലെ നഴ്സുമാരുടെ ഹോസ്റ്റലിന്റെ നിർമ്മാണം	751.7
2	എ.ബി.സി.ഡി. ബ്ലോക്കിൽ വിവിധ വകുപ്പുകൾക്ക് അധിക സൗകര്യ മൊരുക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തി	550
3	വണ്ടാനം റ്റി.ഡി. മെഡിക്കൽ കോളേജിലെ ക്യാന്റീനും, മെഡിക്കൽ സ്റ്റോറിനും വേണ്ടിയുള്ള കെട്ടിടനിർമ്മാണം	97.57

II പണി പുരോഗമിച്ചുകൊണ്ടിരിക്കുന്ന പദ്ധതികൾ

ക്രമ നമ്പർ	പദ്ധതിയുടെ പേര്	ഇതുവരെ ചെലവഴിച്ച തുക	ഭരണാനുമതി നൽകിയ തുക
(1)	(2)	(3)	(4)
1	ആലപ്പുഴ വണ്ടാനം റ്റി.ഡി. മെഡിക്കൽ കോളേജിലെ 5 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഓവർ ഹെഡ് വാട്ടർ ടാങ്കിന്റെ നിർമ്മാണ പദ്ധതി	14500000	20000000
2	നബാർഡ് ആർ.ഐ.ഡി.എഫ്. XVII-ന്റെ സഹായത്തോടെ ആലപ്പുഴ വണ്ടാനം റ്റി.ഡി. മെഡിക്കൽ കോളേജിൽ ഗ്യാലറി ടൈപ്പ് ലക്ചർ ഹാളിന്റെ നിർമ്മാണം.	48081417	840 ലക്ഷം
3	നബാർഡ് ആർ.ഐ.ഡി.എഫ്.XVII-ന്റെ സഹായത്തോടെ ആലപ്പുഴ വണ്ടാനം റ്റി.ഡി. മെഡിക്കൽ കോളേജിൽ ഗ്യാലറി ടൈപ്പ് ഓഡിറ്റോറിയത്തിന്റെ നിർമ്മാണം.	32500000	700 ലക്ഷം
4	ആലപ്പുഴ വണ്ടാനം റ്റി.ഡി. മെഡിക്കൽ കോളേജിൽ 8 നിലയുള്ള പി.ജി. ക്വാർട്ടേഴ്സിന്റെ നിർമ്മാണം	20000000	25 കോടി

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
5	നിലവിലെ സി.റ്റി. സ്കാൻ സെന്ററിന്റെ സമീപത്തായുള്ള കെട്ടിടത്തിന്റെ നിർമ്മാണം	4000000	4945000

III ഭരണാനുമതി ലഭ്യമായിട്ടും പണി ആരംഭിക്കാത്തത്:

ക്രമ നമ്പർ	പദ്ധതിയുടെ പേര്	ഭരണാനുമതി ലഭിച്ച തുക (ലക്ഷത്തിൽ)	നിലവിലെ സ്ഥിതി
(1)	(2)	(3)	(4)
1	2013-14-ലെ അസറ്റ് മെയിന്റനൻസ് ഫണ്ട് മുഖേന ആലപ്പുഴ വണ്ടാനം റ്റി.ഡി. മെഡിക്കൽ കോളേജിലെ പഴയ ബ്ലോക്ക് 1-ന്റെയും 2-ന്റെയും നവീകരണ പ്രവർത്തികൾ	205	എഗ്രിമെന്റ് വച്ചു
2	ആലപ്പുഴ വണ്ടാനം റ്റി.ഡി. മെഡിക്കൽ കോളേജിൽ ട്രോമാകെയർ യൂണിറ്റിന്റെ നിർമ്മാണം.	1379	വർക്ക് ടെൻണ്ടർ ചെയ്തു.
3	ആലപ്പുഴ വണ്ടാനം റ്റി.ഡി. മെഡിക്കൽ കോളേജിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും എക്സാമിനേഷൻ ഹാളിന്റെയും നിർമ്മാണം.	800	എഗ്രിമെന്റ് വച്ചു
4	180 പേർക്ക് ഇരിക്കാവുന്ന 2 ഗ്യാലറി ടൈപ്പ് ലക്ചർ ഹാളിന്റെ നിർമ്മാണം	300	ഭരണാനുമതി നൽകി തുടർ നടപടി ആരംഭിച്ചിട്ടില്ല
5	ആലപ്പുഴ വണ്ടാനം റ്റി.ഡി. മെഡിക്കൽ കോളേജിലെ കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസിന്റെ അഡീഷണൽ ബ്ലോക്കിന്റെ നിർമ്മാണം	220	ഭരണാനുമതി നൽകി തുടർനടപടി ആരംഭിച്ചിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly